പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 234

# 2019-ലെ കേരള റസിഡൻസ് അസോസിയേഷനുകൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ

(ശ്രീ. ഐ. ബി. സതീഷ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 234

# 2019-ലെ കേരള റസിഡന്റ്സ് അസോസിയേഷനുകൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ

(ശ്രീ. ഐ. ബി. സതീഷ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

1172/2019.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 234

# 2019-ലെ കേരള റസിഡൻസ് അസോസിയേഷനുകൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ

(ശ്രീ. ഐ. ബി. സതീഷ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്തെ റസിഡൻസ് അസോസിയേഷനുകളുടെ രജിസ്ട്രേഷൻ ഒരു കടക്കീഴിൽ കൊണ്ടുവരുന്നതിനും അവയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റു കാര്യങ്ങൾക്കുമായി ഒരു അതോറിറ്റി രൂപീകരിക്കുന്നതിനു വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്തെ റസിഡൻസ് അസോസിയേഷനുകളുടെ രജിസ്ട്രേഷൻ ഒരു കടക്കീഴിൽ കൊണ്ടുവരുന്നതിനും അവയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടി ഒരു അതോറിറ്റി രൂപീകരിക്കുന്നതിനു വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ ഇനിപ്പറയുംപ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും വ്യാപ്തിയും.—(1) ഈ ആക്റ്റിന് 2019-ലെ കേരള റസിഡൻസ് അസോസിയേഷനുകൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഗസറ്റ് വിജ്ഞാപനത്തിലൂടെ സർക്കാർ നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(3) ഇതിന് കേരള സംസ്ഥാനം മുഴുവൻ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(a) "അതോറിറ്റി" എന്നാൽ 3-ാം വകുപ്പ് പ്രകാരമുള്ള അതോറിറ്റി എന്നർത്ഥമാകുന്നു.

(b) " സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു.

(c) "വിജ്ഞാപനം ചെയ്യപ്പെട്ട" എന്നാൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ച എന്നാകുന്നു.

(d) " രജിസ്റ്റർ " എന്നാൽ അതോറിറ്റി വച്ചുപോരുന്നതും രജിസ്റ്റർ ചെയ്യപ്പെട്ട റസിഡൻസ് അസോസിയേഷനുകളുടെ പേരുവിവരം ഉൾക്കൊള്ളുന്നതുമായ രജിസ്റ്റർ എന്നർത്ഥമാകുന്നു.

<u>വിശദീകരണം:</u> ഈ ആക്റ്റിന്റെ കീഴിൽ രജിസ്റ്റർ ചെയ്യുന്ന എല്ലാ റസിഡൻസ് അസോസിയേഷനുകളും അവയിലെ അംഗങ്ങളുടെ പേരുവിവരങ്ങൾ അടങ്ങിയ ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആവശ്യപ്പെടുന്ന പക്ഷം ആയത് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.

(e) "രജിസ്ട്രേഷൻ" എന്നാൽ 6-ാം വകുപ്പ് പ്രകാരം അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യുക എന്നർത്ഥമാകുന്നു.

(f) "റസിഡന്റ്" എന്നാൽ റസിഡൻസ് അസോസിയേഷന് അധികാരികതയുള്ള പ്രദേശത്ത് സ്വന്തം കെട്ടിടത്തിലോ വാടകയ്ക്കോ താമസിക്കുന്നവർ എന്നർത്ഥമാകുന്നു. എന്നാൽ മൂന്നുവർഷത്തിൽ കുറയാത്ത കാലയളവിൽ ആ പ്രദേശത്ത് താമസിക്കുന്നതല്ലാത്ത ആൾ അസോസിയേഷന്റെ ഏതെങ്കിലും ഔദ്യോഗിക സ്ഥാനം വഹിക്കുവാൻ പാടുള്ളതല്ല.

(g) "റസിഡൻസ് അസോസിയേഷൻ" എന്നാൽ ഒരു പ്രദേശത്തെ ഒരു കൂട്ടം താമസക്കാർ ആ പ്രദേശത്തെ പൊതുവായ പ്രശ്നങ്ങൾ ഉന്നയിക്കുന്നതിനായി പൊതുതാത്പര്യാർത്ഥം രൂപീകരിക്കുന്ന അസോസിയേഷൻ എന്നർത്ഥമാകുന്നു.

(h) "നിർണ്ണയിക്കപ്പെട്ട" എന്നാൽ 8-ാം വകുപ്പിൽ നിഷ്കർഷിക്കുന്ന പ്രകാരം ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ടത് എന്നർത്ഥമാകുന്നു.

3. <u>അതോറിറ്റിയുടെ രൂപീകരണം.</u>—റസിഡൻസ് അസോസിയേഷനുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും അവയുടെ രജിസ്ട്രേഷൻ ഒരു കേന്ദ്രീകൃത സംവിധാനത്തിൻകീഴിൽ കൊണ്ടുവരുന്നതിനുമായി കേരള റസിഡൻസ് അസോസിയേഷനുകൾ (രജിസ്ട്രേഷനും നിയന്ത്രണവും) അതോറിറ്റി എന്ന പേരിൽ ഒരു അതോറിറ്റി രൂപീകരിക്കേണ്ടതാണ്.

4. <u>അതോറിറ്റിയുടെ ഘടന.</u>—(1) കേരള റസിഡൻസ് അസോസിയേഷനുകൾ (രജിസ്ട്രേഷനും നിയന്ത്രണവും) അതോറിറ്റിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്:

(a) ചെയർപേഴ്സൺ.—അഞ്ചുവർഷത്തിൽ കുറയാതെ സന്നദ്ധസംഘടന രംഗത്ത് അല്ലെങ്കിൽ സാമൂഹ്യരംഗത്ത് പ്രവർത്തനപാരമ്പര്യമുള്ളതും അറുപത് വയസ്സ് പൂർത്തിയാകാത്തതുമായ ഒരു വ്യക്തിയെ സർക്കാരിന് അതോറിറ്റിയുടെ ചെയർപേഴ്സണായി നാമനിർദ്ദേശം ചെയ്യാവുന്നതാണ് ;

(b) തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി, എക്സ്-ഒഫീഷ്യോ അംഗം ;

(c) ജില്ലാ കളക്ടർ, എക്സ്-ഒഫീഷ്യോ അംഗം ;

(d) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികളിൽനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അഞ്ച് അംഗങ്ങൾ അവരിൽ ഒരാൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടതും ഒരാൾ വനിതയും ആയിരിക്കേണ്ടതാണ് ;

(e) റസിഡൻസ് അസോസിയേഷനുകളുടെ പ്രതിനിധികളിൽനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ടുപേർ.

(2) അതോറിറ്റിയുടെ ചെയർപേഴ്സണും നാമനിർദ്ദേശം ചെയ്യപ്പെട്ട മറ്റ് അംഗങ്ങൾക്കും അവർ ഉദ്യോഗത്തിൽ പ്രവേശിച്ച കാലം മുതൽ മൂന്ന് വർഷക്കാലം തൽസ്ഥാനത്ത് തുടരാവുന്നതാണ്.

(3) അതോറിറ്റിയുടെ ചെയർപേഴ്സണോ ഒരു അംഗത്തിനോ ഏതുസമയത്തും, സർക്കാരിന് രേഖാമൂലം അറിയിപ്പുനൽകി, ഔദ്യോഗിക സ്ഥാനം രാജിവയ്ക്കാവുന്നതാണ്.

(4) അതോറിറ്റി ശാശ്വത പിന്തുടർച്ചാവകാശത്തോടുകൂടിയത് ആയിരിക്കേണ്ടതാണ്.

(5) ഈ ആക്റ്റ് പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് നിർണ്ണയിക്കപ്പെടാവുന്ന ഉദ്യോഗസ്ഥരെയും ജീവനക്കാരെയും സർക്കാരിന് നിയമിക്കാവുന്നതാണ്.

5. <u>അതോറിറ്റിയുടെ യോഗങ്ങൾ</u>.—(1) അതോറിറ്റിക്ക് അതിന്റെ ബിസിനസ്സ് നടത്തിപ്പിനായി യോഗം ചേരാവുന്നതാണ്.

(2) യോഗങ്ങൾ തമ്മിലുള്ള ഇടവേള ആറു മാസത്തിൽ കൂടുതൽ അധികരിക്കാൻ പാടുള്ളതല്ല.

(3) യോഗത്തിനുള്ള ക്വാറം നാല് ആയിരിക്കുന്നതാണ്.

(4) ചെയർമാൻ അല്ലെങ്കിൽ അദ്ദേഹത്തിന്റെ അഭാവത്തിൽ തത്സമയം ഹാജരായിട്ടുള്ള അംഗങ്ങളിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരംഗം യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കേണ്ടതാണ്.

6. <u>അതോറിറ്റിയിലേക്കുള്ള രജിസ്ട്രേഷൻ</u>.—നിർണ്ണയിക്കപ്പെടാവുന്ന നിരക്കിൽ ഫീസ് നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ അതോറിറ്റിയിലേക്ക് അടച്ച് റസിഡൻസ് അസോസിയേഷനുകൾ രജിസ്ട്രേഷൻ ചെയ്യേണ്ടതാണ്.

എന്നാൽ ഈ ആക്റ്റ് നിലവിൽ വരുന്ന തീയതി മുതൽ ആറു മാസങ്ങൾക്കുള്ളിൽ സംസ്ഥാനത്തു പ്രവർത്തിച്ചു വരുന്ന എല്ലാ റസിഡൻസ് അസോസിയേഷനുകളും 3-ാം വകുപ്പു പ്രകാരം രൂപീകരിക്കപ്പെടുന്ന അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. അതോറിറ്റിയുടെ ചുമതലകൾ.—(a) അതോറിറ്റി രൂപീകരിക്കപ്പെട്ട് ഒരു മാസത്തിനുള്ളിൽ നടപടികൾ പൂർത്തീകരിച്ച് റസിഡൻസ് അസോസിയേഷനുകളുടെ രജിസ്ട്രേഷൻ ആരംഭിക്കേണ്ടതാണ്.

(b) ഒരു വർഷത്തിനകം സംസ്ഥാനത്തു പ്രവർത്തിച്ചുവരുന്ന എല്ലാ റഡിഡൻസ് അസോസിയേഷനുകളും അതോറിറ്റിയിൽ രജിസ്റ്റർ ചെയ്തു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

(c) 1-ഉം 2-ഉം ഉപവകുപ്പുകൾ പ്രകാരം രജിസ്ട്രേഷൻ നടത്താതെ സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തിക്കുന്ന എല്ലാ റസിഡൻസ് അസോസിയേഷനുകളും കണ്ടുകെട്ടി അവയുടെ ഉടമസ്ഥതയിലുള്ള സ്ഥാവര-ജംഗമ വസ്തുക്കൾ സർക്കാരിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

(d) രജിസ്ട്രേഷൻ ഫീസും മറ്റ് അനുബന്ധ ഫീസുകളും പരിഷ്കരിക്കുന്നതിലേക്ക് കാലാകാലങ്ങളിൽ സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യാവുന്നതാണ്.

(e) റസിഡൻസ് അസോസിയേഷനുകളുടെ രജിസ്ട്രേഷൻ ചെയ്യുന്നതിനുള്ള മാനദണ്ഡം സർക്കാർ കാലാകാലങ്ങളിൽ നിർണ്ണയിക്കുന്ന പ്രകാരം ആയിരിക്കേണ്ടതും നിലവിലുള്ള മാനദണ്ഡങ്ങളിൽ ഏതെങ്കിലും ഭേദഗതി ആവശ്യമാണെന്ന് കാണുന്ന അവസരത്തിൽ അതിനായി സർക്കാരിന് ശുപാർശ നൽകേണ്ടതുമാണ്.

(f) അസോസിയേഷനുകളുടെ പ്രവർത്തനങ്ങളുടെ ഏകോപനം, അവയിലേക്കുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പിന്റെ മേൽനോട്ടം , പ്രവർത്തനം സംബന്ധിച്ച പരാതികളിന്മേൽ നടപടി സ്വീകരിക്കുക, പിരിച്ചുവിടാനുള്ള അധികാരം, നിർണ്ണയിക്കപ്പെടാവുന്ന മറ്റ് സംഗതികൾ എന്നിവ അതോറിറ്റിയുടെ ഉത്തരവാദിത്വ മായിരിക്കുന്നതാണ്.

(g) അതോറിറ്റിക്കു ലഭിക്കേണ്ടതായ രജിസ്ട്രേഷൻ ഫീസിലോ മറ്റ് അനുബന്ധ ഫീസിലോ ഏതെങ്കിലും റസിഡൻസ് അസോസിയേഷൻ കുടിശ്ശിക വരുത്തുന്ന പക്ഷം, ആയത് പിഴ സഹിതം, വസ്തുകര കുടിശ്ശിക ഈടാക്കുന്നതുപോലെ, ഈടാക്കുന്നതിനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

8. വൈഷമ്യങ്ങൾ നീക്കം ചെയ്യൽ.—ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്ന പക്ഷം അവ നീക്കം ചെയ്യുന്നതിനായി ആവശ്യമെന്ന് കരുതുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്കു വിരുദ്ധമല്ലാത്തതുമായ വ്യവസ്ഥകൾ, സർക്കാരിന് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവുമൂലം ഉണ്ടാക്കാവുന്നതാണ്.

9. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(a) സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്റ്റിലെ ആവശ്യങ്ങൾ നടപ്പാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(b) ഈ ആക്റ്റ് പ്രകാരമുണ്ടാക്കിയ ഏത് ചട്ടവും അത് ഉണ്ടാക്കിയതിനുശേഷം കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിൽ ആയിരിക്കുമ്പോൾ, അതിന്റെ മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും നിയമസഭ പ്രസ്തുത ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന് അതിനുശേഷം അതതു സംഗതിപോലെ, അങ്ങനെ രൂപഭേദം വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു. എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്ത് നിലവിലുള്ള സാഹചര്യം കുടുംബങ്ങളുടെ ഘടനയ്ക്ക് മാറ്റം വരുത്തുകയും കൂട്ടുകുടുംബത്തിൽ നിന്ന് അണുകുടുംബങ്ങൾ എന്ന സങ്കൽപ്പത്തിലേക്ക് കേരളീയ സമൂഹം രൂപപ്പെടുകയും അവ വ്യാപകമാവുകയും ജീവിത സാഹചര്യങ്ങൾക്കനുസരിച്ചും മെച്ചപ്പെട്ട ഭൗതിക സൗകര്യം തേടിയും ആവാസവ്യവസ്ഥ തെരഞ്ഞെടുക്കുന്നതിലൂടെ പല സംസ്കാരങ്ങളിലുള്ളവർ ഒന്നിച്ച് കുടുംബങ്ങളിൽനിന്ന് അകന്നു കഴിയേണ്ടതായി വരുകയും ഇതുമൂലം കുട്ടികളുടെയും വയസ്സായവരുടെയും സംരക്ഷണം ഒരു ചിന്താവിഷയമാകുകയും ചെയ്യുന്ന സാഹചര്യങ്ങളിലാവണം അവയ്ക്കൊരു പരിഹാരമായി റസിഡൻസ് അസോസിയേഷനുകൾ വ്യാപകമായത്. ഒരു പരിധിവരെ റസിഡൻസ് അസോസിയേഷനുകൾക്ക് കൂട്ടായ പ്രവർത്തനങ്ങളിലൂടെയും പരസ്പരം സഹകരണത്തോടെയും കൂട്ടുകുടുംബത്തിനു സമാനമായ സാഹചര്യം സംജാതമാക്കുവാൻ സാധിക്കുന്നുണ്ട്. എന്നാൽ അത്തരം അസോസിയേഷനുകൾ സ്ഥാപിക്കപ്പെടുന്നത് വ്യവസ്ഥാപിതമായ നിയമപ്രകാരമല്ലാത്തതിനാൽ അവയുടെ പ്രവർത്തനവും ഭരണനിർവ്വഹണവും ദുർബ്ബലമാകുന്ന സാഹചര്യമുണ്ട്. സൊസൈറ്റി രജിസ്ട്രേഷൻ ആക്റ്റിന് കീഴിൽ രജിസ്റ്റർ ചെയ്യുന്നതിനാൽ റസിഡൻസ് അസോസിയേഷനുകളുടെ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല. സഹകരണ സംഘ നിയമങ്ങളുടേത് പോലെ നിർദ്ദേശങ്ങൾ നടപ്പാക്കാത്തവർക്കെതിരെ നടപടി സ്വീകരിക്കുവാനോ പിഴ ഈടാക്കുവാനോ വ്യവസ്ഥയില്ല. ഈ സാഹചര്യത്തിൽ റസിഡൻസ് അസോസിയേഷനുകൾക്ക് സ്റ്റാറ്റ്യൂട്ടറി പദവി നൽകുന്നതിനായി ഒരു നിയമനിർമ്മാണം ആവശ്യമാണ്. ഈ ലക്ഷ്യം നിറവേറ്റുകയാണ് ഈ ബിൽ കൊണ്ട് ഉദ്ദേശിക്കുന്നത്.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾ അനുസരിച്ച് അതോറിറ്റി നിലവിൽ വരുമ്പോൾ മാത്രമേ ഈ നിയമം നടപ്പാക്കുന്നതിവേണ്ടി വരുന്ന സാമ്പത്തിക ബാദ്ധ്യത എത്രയെന്ന് കണക്കാക്കാൻ കഴിയുകയുള്ളു. എങ്കിലും അതോറിറ്റിയുടെ പ്രാരംഭ ചെലവുകൾക്കും മറ്റ് ആവർത്തക ചെലവുകൾക്കുമായി സഞ്ചിതനിധിയിൽ നിന്നും 50 ലക്ഷം രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു.

## ഏല്പിച്ച കൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾ പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ ആക്ടനുസരിച്ച് ഉണ്ടാക്കുന്ന ചട്ടങ്ങൾ സഭയുടെ മുമ്പാകെ വയ്ക്കേണ്ടതാണ്. ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കാവുന്നത് അല്ലെങ്കിൽ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അവ നടപടി ക്രമങ്ങൾ സംബന്ധിച്ചുള്ളതോ ഭരണപരമോ ആയ സ്വഭാവത്തോട് കൂടിയവ ആകുന്നു. കൂടാതെ, അപ്രകാരമുള്ള വിജ്ഞാപനങ്ങളും ചട്ടങ്ങളും നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. അതിനാൽ ഏല്പിച്ച കൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

ഐ. ബി. സതീഷ്, എം. എൽ. എ.